LSGD/JD/PKD/6384/2023-I2

തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിൻറ്
ഡയറക്ടറുടെ കാര്യാലയം, പാലക്കാട്,
തിയ്യതി – 03/11/2023

പ്രേഷകൻ

കെ സതീഷ് കുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ

ജോയിന്റ് ഡയരക്ടറുടെ കാര്യാലയം, പാലക്കാട്.

സ്വീകർത്താവ്

സെക്രട്ടറി

മണ്ണൂർ ഗ്രാമ പഞ്ചായത്ത്

സർ

വിഷയം : ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി (2) – പെർമിറ്റ് പുതുക്കി നല്കണമെന്ന പരാതി– റിപ്പോർട്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന: 1. ശ്രീ മുജീബ് റഹ്മാൻ, പടിപ്പുരക്കാട്ടിൽ, മണ്ണൂർ വെസ്റ്റ് എന്നയാൾ തന്റെ പെർമിറ്റ് പുതുക്കി നൽകുന്നില്ലെന്ന് ബഹു. മന്ത്രിക്ക് നൽകിയ പരാതി

2. ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി(2)യുടെ 02/11//2023തിയതിയിലെ തീരുമാനം

മേൽ സൂചന (1) പ്രകാരം ശ്രീ മുജീബ് റഹ്മാൻ, പടിപ്പുരക്കാട്ടിൽ, മണ്ണൂർ വെസ്റ്റ് എന്നയാൾ തന്റെ പെർമിറ്റ് (Permit No. 3/401/1516) പഞ്ചായത്തിൽ നിന്നും പുതുക്കി നൽകുന്നില്ലെന്ന് ബഹു. മന്ത്രിക്ക് നൽകിയ പരാതി, ബഹു. പ്രിൻസിപ്പൽ ഡയരക്ടറുടെ കാര്യാലയത്തിൽ നിന്നും ഉപജില്ലാ സ്ഥിരം അദാലത്ത് സമിതിക്ക് അയച്ചു നൽകുകയും, സൂചന (2) പ്രകാരം ഉപജില്ലാ സ്ഥിരം അദാലത്ത് സമിതിയുടെ 02/11//2023 തിയതിയിലെ യോഗത്തിൽ അത് ചർച്ച ചെയ്യുകയും ചെയ്തു. പരാതി ഇതോടൊപ്പം അയക്കുന്നു. ഇത് സംബന്ധിച്ച റിപ്പോർട്ട് LID&EW അസി. എഞ്ചിനിയറിൽ നിന്നും ലഭ്യമാക്കി, താങ്കളുടെ വിശദമായ റിപ്പോർട്ട് സഹിതം 09/11//2023നു മുമ്പായി ലഭ്യമാക്കേണ്ടതാണ്. അടുത്ത ഉപജില്ലാ സമിതി യോഗത്തിൽ തീർപ്പ് കല്പിക്കേണ്ടതിനാൽ കാലതാമസം ഒഴിവാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ഉള്ളടക്കം പരാതി

ഒപ്പ്

കെ സതീഷ് കുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ